(സി) കളമശ്ശേരി മുതൽ നെടുമ്പാശ്ശേരി വരെ റോഡിനു് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു:

1. നെടുമ്പാശ്ശേരി വില്ലേജ്: 18-3-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും 43 കേസുകളിൽ അവാർഡ് എൻകയറി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. ചെങ്ങമനാട് വില്ലേജ്: 26-6-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും 12 കേസുകളിൽ ജില്ലാ കളക്ടർ ഡീറെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെൻറ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. ചൊവ്വര വില്ലേജ്: 26-6-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും 12 കേസുകളിൽ ജില്ലാ കളക്ടർ ഡീറെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെൻറ് അംഗീകരിച്ചിട്ടുണ്ട്.

4. ആലുവ ഈസ്റ്റ്: 12-11-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിച്ചു. ഡീറെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെൻറ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ ഓഫീസിൽ നടന്നു വരുന്നു.

5. ആലുവ വെസ്റ്റ്: 20-12-2004-ൽ 4(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6. തൃക്കാക്കര നോർത്ത്: 20-12-2004-ൽ 4(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഭൂമി വാങ്ങുന്നതിനും തുടർന്നുള്ള നിർമ്മാണ പ്രവർത്തനത്തിനും ഫണ്ടിൻെറ ദൗർലഭ്യമാണ് കാലതാമസത്തിന് കാരണം.

(ഇ) ഫണ്ടിൻെറ ലഭ്യതയ്ക്കനുസരിച്ച് റോഡിൻെറ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

മണ്ണാർക്കാട്-കുന്തിപ്പുഴ പാലം ബലപ്പെടുത്തുന്നതിനുള്ള നടപടി

145 [1494] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 213-ൽ മണ്ണാർക്കാട്-കുന്തിപ്പുഴ പാലം ബലക്ഷയം നേരിടുന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലം ബലപ്പെടുത്തുന്നതിനുള്ള അനുമതിക്കായി സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly